കേരള സർക്കാർ

നം. EWB3/70/2025-LSGD
തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂ ബി) വകുപ്പ്
തിരുവനന്തപുരം
തീയതി:24.05.2025

## സർക്കുലർ

വിഷയം:- തസ്വഭവ- സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്-സംബന്ധിച്ച്

സൂചന:- 17.05.2025 തീയതിയിൽ ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയും, ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയും സംയുക്തമായി കൂടിയ യോഗ നടപടിക്കുറിപ്പ്.

പരാമർശ വിഷയത്തിൽ നടന്ന ഉന്നത തല യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിദ്യലയങ്ങളുടെ ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ചുള്ള താഴെപ്പറയുന്ന പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണി ഇല്ലാത്തതും, അപകട സാധ്യത വരാൻ സാധ്യത ഇല്ലാത്തതുതമായ സ്കൂളുകളിൽ പ്രത്യേക പരിശോധന നടത്തി ക്ലാസുകൾക്ക് തടസ്സം വരാത്ത രൂപത്തിൽ താല്ക്കാലിക ഫിറ്റ്നസ് അതാത് തദ്ദേശ സ്ഥാപനങ്ങളുടെ എഞ്ചിനീയർ നൽകേണ്ടതാണ്. പ്രസ്തുത താല്ക്കാലിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിക്കൊണ്ട് അപാകത ഒരു നിശ്ചിത കാലയളവിൽ പരിഹരിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

2.കഴിഞ്ഞ വർഷത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ച് റഗുലറൈസ് ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിച്ച സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകാം. ഇതിനകം റഗുലറൈസ് ചെയ്യാൻ അപേക്ഷ സമർപ്പിക്കാത്ത സ്കൂളുകളുടെ കാര്യം പരിഗണിക്കേണ്ടതില്ല.

3. സൂചന യോഗത്തിന്റെ തീരുമാനമായി ഓരോ വിദ്യാലയങ്ങളിലും ഉപയോഗ പ്രദമല്ലാത്തതും, പൊളിച്ചു മാറ്റേണ്ടതുമായ കെട്ടിടങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൊളിക്കുന്നതിനെക്കുറിച്ചും തീരുമാനമായിട്ടുണ്ട്. അവ പൊളിച്ചു മാറ്റുന്നതിനായി DM Act പ്രകാരം നടപടി സ്വീകരിച്ച് ജില്ലാകളക്ടർമാരെ യോഗം ചുമതലപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത പ്രവർത്തിക്കായി വാല്യൂവേഷൻ, ടെൻഡറിംഗ് നടപടികൾ വേഗത്തിലാക്കി പൊളിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നുള്ള ജില്ലാ കളക്ടർമാരുടെ നിർദ്ദേശം അതാത് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്ക് ലഭിക്കുന്ന മാത്രയിൽത്തന്നെ പ്രസ്തുത നടപടി സത്വരമായി ആരംഭിക്കേണ്ടതാണ്.

4. Disaster Management Act പ്രകാരം അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച്

മാറ്റുന്നതിനുള്ള നടപടി ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

5. കുട്ടികൾക്ക് ഉപയോഗ പ്രദമാകുന്ന വിധത്തിൽ ബിസ്കറ്റ്, ചായ മുതലായ ലഘു ഭക്ഷണവും പാനീയങ്ങളും, നാപ്കിൻ, നോട്ട് ബുക്ക് എന്നിവ ഓപൺ മാർക്കറ്റിൽ ലഭിക്കുന്നതിനെക്കാൾ വിലക്കുറവിൽ ലഭ്യമാക്കുന്നതിന് സ്കൂൾ kiosk -കൾ കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**ബിജുക്കുട്ടൻ എം.എസ്**
അഡീഷണൽ സെക്രട്ടറി

പൊതു വിദ്യഭ്യാസ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും/ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ലഭ്യമാക്കേണ്ടതാണ്.)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (എല്ലാ ജില്ലാ കളക്ടർമാർക്കും ലഭ്യമാക്കേണ്ടതാണ്)

ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

പൊതു വിദ്യഭ്യാസ ഡയറക്ടർ, പൊതു വിദ്യഭ്യാസ വുകുപ്പ് , തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.